പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3412 25-06-2012 -ൽ മറുപടിക്ക്.

## ഹൗസിംഗ് ബോർഡ് വായ്പകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഹൗസിംഗ് ബോർഡിൽ നിന്നും പുതുതായി വായ്പ എടുക്കുന്നവർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുമോ | (എ) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് പുതിയ വായ്പാ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. |
| (ബി) ഹൗസിംഗ് ബോർഡിൽ നിന്നും വായ്പ എടുത്തവർക്ക് പലിശയിളവ് നൽകുന്നുണ്ടോ; അതിന്റെ മാനദണ്ഡം എന്ത് ? | (ബി) തിരിച്ചടവ് കാലാവധി കഴിഞ്ഞ താഴ്ന്ന വരുമാന വിഭാഗം വായ്പക്കാർക്ക് പിഴപ്പലിശയിൽ 100% വും മുടക്കപ്പലിശയിൽ 100% ഇളവ് അനുവദിച്ചുവരുന്നു. മറ്റ് താഴ്ന്ന വരുമാന വിഭാഗം വായ്പക്കാർക്ക് പിഴപ്പലിശയിൽ 100%വും മുടക്കപ്പലിശയിൽ 70% ഇളവ് അനുവദിച്ചു വരുന്നു. എം.ഐ.ജി. വിഭാഗം വായ്പക്കാർക്ക് പിഴപ്പലിശയിൽ 100 % വും മുടക്കപ്പലിശയിൽ 70% വും ഇളവ് അനുവദിക്കുന്നു. എച്ച്.ഐ.ജി. വിഭാഗം വായ്പക്കാർക്ക് പിഴപ്പലിശയിൽ 100% വും മുടക്കപ്പലിശയിൽ 50% ഇളവ് അനുവദിച്ചുവരുന്നു. കൃത്യമായി തിരിച്ചടവ് നടത്തുന്ന എല്ലാ വിഭാഗം വായ്പക്കാർക്കും പലിശ ഇനത്തിൽ 0.5% ഇളവ് നൽകുന്നുണ്ട്. ടി പദ്ധതി പ്രകാരം കാലാവധിക്കുമുമ്പ് 'അക്കൗണ്ട് |

ക്ലോസ് ചെയ്യുന്നവർക്ക് ശേഷിക്കുന്ന മുതൽബാക്കി തുകയുടെ 5% ഇളവ് അനുവദിക്കുന്നതാണ്.

(സി) ഹൗസിംഗ് ബോർഡിന്റെ പുതിയ ഭവന പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ?

(സി) <u>സാഫല്യം ഭവന പദ്ധതി:</u>
കേരളത്തിലെ ദുർബല വിഭാഗങ്ങളിൽ പ്പെട്ട ദാരദ്ര്യരേഖയ്ക്കു താഴെയുള്ള ഭൂ-ഭവനരഹിതരായ ബി.പി.എൽ. വിഭാഗക്കാർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി. 2011-12 ബജറ്റ് പ്രഖ്യാപനത്തിലൂടെ ഒന്നാം ഘട്ടമായി കേരളത്തിലെ 8 ജില്ലകളിലായി 10 സ്ഥലങ്ങളിൽ 1008 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി പദ്ധതി ലക്ഷ്യമിടുന്നു. ഇതിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ കോട്ടയം ജില്ലയിലെ അകലക്കുന്നത്ത് 96 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>സങ്കേതം ഭവന പദ്ധതി:</u>
കേരളത്തിലെ തുച്ഛവരുമാനക്കാർക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

<u>സായൂജ്യം പദ്ധതി:</u>
കേരളത്തിലെ ചെറിയ ടൗണുകളിലും ഗ്രാമങ്ങളിലും ഇടത്തരം വരുമാനക്കാർക്ക് താങ്ങാവുന്ന വിലയ്ക്ക് പ്ലോട്ടുകൾ നൽകുന്നതിനായുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ